**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2550** **17-03-2022 - ൽ മറുപടിയ്ക്ക്**

**അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിരമിക്കുന്ന/മരണപ്പെടുന്ന അഭിഭാഷകർക്ക് അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടിൽ നിന്നും നൽകിവരുന്ന തുക എത്രയാണ്; ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; | (എ) | 1980-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട് ആക്റ്റിന്റെ വകുപ്പ് 16(1) പ്രകാരം അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ടിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുമ്പോൾ ഒരംഗത്തിന് യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 25,000/- രൂപ എന്ന നിരക്കിൽ പരമാവധി മൊത്തം തുക 10 ലക്ഷം രൂപ വരെ നിധിയിൽ നിന്നും കൈപ്പറ്റുന്നതിനു അർഹതയുണ്ടായിരിക്കുന്നതാണ്. യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് ഒരംഗം മരണപ്പെടുന്ന സംഗതിയിൽ അയാൾ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അപ്രകാരം നാമനിർദ്ദേശം ചെയ്ത ആൾ ഇല്ലായെങ്കിൽ അയാളുടെ നിയമാനുസൃതമായ അനന്തരാവകാശികൾക്കോ മൂന്നു ലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും, 1980-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട് ആക്റ്റിന്റെ 16-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ പരമാവധി മൊത്തം പത്ത് ലക്ഷം രൂപയോ ഇതിൽ ഏതാണോ കൂടുതൽ അത് നിധിയിൽ നിന്നും കൈപ്പറ്റുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ സാമ്പത്തിക സഹായങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | വെൽഫെയർ ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം നൽകുന്നുണ്ടോ; ഇതിനായി പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ബി) | കേരള അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം നൽകുന്നുണ്ട്. 1980-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട് ആക്റ്റിന്റെ വകുപ്പ് 18(b) പ്രകാരം ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കു വിധേയരാകുന്ന ഫണ്ടിലെ അംഗങ്ങൾക്ക് ക്യാൻസർ ചികിത്സയ്ക്കും മറ്റു ഗുരുതരരോഗങ്ങളുടെ ചികിത്സയ്ക്കും മേജർ സർജിക്കൽ ഓപ്പറേഷനും മൂന്ന് വർഷക്കാലയളവിൽ പരമാവധി ഒരു ലക്ഷം രൂപ ചികിത്സാധനസഹായമായി നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | അപേക്ഷയോടൊപ്പം ഹാജരാക്കുന്ന എല്ലാ മെഡിക്കൽ രേഖകളുടെയും കൃത്യതയും സത്യസന്ധതയും സംബന്ധിച്ച് ട്രസ്റ്റി കമ്മിറ്റിയ്ക്ക് ബോധ്യപ്പെടുന്നപക്ഷം ചികിത്സാ ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ